അതുപോലെ തന്നെ കൊച്ചിൻ യൂണിവേഴ്സിറ്റി നിയമത്തിലും പ്രോ-ചാൻസലർ എന്നുള്ളത് മാറ്റണമെങ്കിൽ മാറ്റാം. വിദ്യാഭ്യാസ വകുപ്പുമന്ത്രി യായ എനിക്ക് ഒരു പ്രോ-ചാൻസലറെന്നുള്ള പദവിയിലിരിക്കണമെന്നുള്ള ആഗ്രഹമൊന്നുമില്ല. നമ്മുടെ യൂണിവേഴ്സിറ്റിയിൽ പണ്ടുമുതലുണ്ടായി രുന്ന കാര്യങ്ങളാ തുടർന്നുവെന്നേയുള്ളൂ. അല്ലാതെ ഈ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു വാശിയുമില്ല. അങ്ങനെയുള്ള ഒരു ധാരണ ആർക്കും വേണ്ട. ശ്രീ. സുരേന്ദ്രനാഥൊക്കെ ആ കാര്യം ആവർത്തിച്ച് പറയുകയുണ്ടായി. അതുകൊണ്ട് അങ്ങനെയുള്ള ഭേദഗതികളും ഇവിടെ ഞങ്ങളാ തന്നെ കൊണ്ടു വരുന്നുണ്ട്. ഞങ്ങളാ തന്നെ ഇനിഷിയേറ്റ് എടുത്ത് കൊണ്ടു വരുന്നുണ്ട്. നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ കാര്യങ്ങളാ ചെയ്തിരിക്കുന്നത്. അതു കൊണ്ട് ഈ ബില്ല് സബ്ജക്ട് കമ്മിറ്റിക്കയക്കണമെന്നുള്ള പ്രമേയം പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഓർഡിനൻസ് നിരാകരണ മെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

12 Noon] ശ്രീ. മണിമംഗലത്തു കുട്ട്യാലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഷാനവാസ് രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

## (2) 1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ 1986-ലെ കേരളാ അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പി ക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളാ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: 1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങളെ സംബന്ധിച്ച 10-ാം സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഒരു വാക്കു മാത്രമേ പറയാനുള്ളൂ. കേരള അഭിഭാഷക ക്ഷേമനിധി നിയമത്തിലെ 23-ാം വകുപ്പനുസരിച്ച് ഓരോ അഭിഭാഷകനും വക്കാലത്ത് ഫാജരാക്കുമ്പോൾ 2 രൂപ സ്റ്റാമ്പ് ഒട്ടിക്കണം എന്ന ഒരു നിബന്ധന ഉണ്ട്. ആ നിബന്ധന ഗവൺമെന്റ് പ്ലീഡേഴ്സിനെ സംബന്ധിച്ചിടത്തോളം കുറച്ച് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഗവൺമെന്റ് പ്ലീഡേഴ്സ് സർക്കാരിനു വേണ്ടിയുള്ള മെമ്മോറാണ്ടം ഓഫ് അപ്പീയറൻസ് ഫാജരാക്കുമ്പോൾ ഓരോന്നിനും അതിൻമേൽ 2 രൂപയുടെ സ്റ്റാമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടിക്കണമെന്നുള്ള നിബന്ധന വളരെയധികം പ്രയാസം ഉണ്ടാക്കുന്നതായതു കൊണ്ട് ഗവൺമെൻറിനുവേണ്ടി ഹാജരാക്കുമ്പോൾ രണ്ടു രൂപയുടെ സ്റ്റാമ്പ് ഒട്ടിക്കണമെന്നുള്ള നിബന്ധന ഒഴിവാക്കണമെന്നുമാത്രമേ ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നുള്ളു.

**Shri Varkkala Radhakrishnan** : Sir, I move that the Kerala Advocate's Welfare Fund (Amendment) Bill, 1986 be circulated for eliciting public opinion till 30-11-1986. ഈ നിയമം ഇങ്ങനെ പൊതുജനാഭിപ്രായത്തിന് അയയ്ക്കണം എന്ന് നിർദ്ദേശിക്കാനുള്ള കാരണത്തെക്കുറിച്ചാണ് ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ അഭിഭാഷകരുടെ ക്ഷേമത്തിനുവേണ്ടി ഇങ്ങനെ ഒരു നിയമം പാസാക്കിയതിൽ സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. എന്നാൽ വെൽഫെയർ ഫണ്ട് ഫണ്ടിപ്പെടുത്തിക്കൊണ്ട് പാസ്സാക്കിയ ഈ നിയമം അതിന്റെ പ്രയോഗത്തിൽ എവിടെ എത്തിയിരിക്കുന്നു എന്ന് ഈ സഭയിലുള്ള അംഗങ്ങളും അതുപോലെതന്നെ ഈ രാജ്യത്തെ മുഴുവൻ ജനങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. വളരെ പ്രതീക്ഷയോടുകൂടിയാണ് കേരളത്തിലെ അഭിഭാഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ട് ഈ നിയമം നമ്മൾ പാസ്സാക്കിയത്. ഇങ്ങനെ ഒരു നിയമം പാസ്സാക്കിയെങ്കിലും നിർഭാഗ്യവശാൽ അഭിഭാഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഈ നിയമം പ്രയോജനകരമായി ഇതേവരെ വന്നിട്ടില്ല. എനിക്ക് കെ. എം. മാണിയോട് ചില കാര്യങ്ങൾ പറയാനുണ്ട്. കേരളത്തിലെ ഒരഭിഭാഷകൻ എന്നുള്ള നിലയിൽ അദ്ദേഹം ശ്രദ്ധിക്കേണ്ടതാണ്. കച്ചേരിയിൽ പോകാത്ത ആളാണെങ്കിലും പറയുന്നത് ഒന്ന് ശ്രദ്ധിക്കണം. ഈ നിയമം പ്രയോഗത്തിൽ വന്നിട്ട് അഭിഭാഷകർക്ക് അതിന്റെ ഗുണം ലഭിക്കത്തക്കവിധം നടപ്പിലാക്കുന്നതിന് ചില ബുദ്ധിമുട്ടുകൾ ഉണ്ട്. അത് പരിഹരിക്കണം. സർക്കാരിന്റെ 2 രൂപ സ്റ്റാമ്പ് ഒട്ടിക്കുന്ന ചെലവ് മാത്രം കുറച്ചാൽ പോര. കെ. എം. മാണി എന്നു പറഞ്ഞാൽ വേലവയ്പ് മാണി ആകരുത്. നിങ്ങൾ എവിടെ ചെന്നാലും ഒരു വേല വയ്പാണ്. അതുതന്നെയാണ് ഈ നിയമത്തിലും വച്ചിരിക്കുന്നത്. കെ. എം. മാണി എന്നുപറഞ്ഞാൽ കാണം മാറും മാണി. കാണം എന്നു പറഞ്ഞാൽ അഭിഭാഷകരിൽനിന്ന് പിരിക്കുന്ന പണം വക മാറുന്നതാണ് മാണിയുടെ ഇപ്പോഴത്തെ ജോലി. ഈ രാജ്യത്ത് പാവപ്പെട്ട ജനങ്ങളെക്കൊണ്ട് സകല വക്കാലത്തിനും 2 രൂപ സ്റ്റാമ്പ് ഒട്ടിക്കും.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : രാധാകൃഷ്ണൻ ഒട്ടിക്കേണ്ട കാര്യമില്ല. കച്ചേരിയിൽ പോകുന്നവരും വക്കാലത്തു ഹാജരാക്കുന്നവരും ഒട്ടിച്ചാൽ മതി.

ശ്രീ. വർക്കല രാധാകൃഷ്ണൻ : മാണി ഒരു കാര്യം മനസ്സിലാക്കണം ഞാൻ ഇവിടെ ഇരിക്കുമ്പോഴും എന്റെ വക്കാലത്ത് ഒപ്പിട്ട് കോടതിയിൽ പോകുന്നുണ്ട്. സ്റ്റാമ്പ് ഒട്ടിച്ച് തന്നെ. മാണിക്ക് ഇതറിയില്ല. മാണിക്ക് ഈ വേല വയ്പു മാത്രമേ അറിയാവൂ.

ഞാനിവിടെ വന്ന് മാണിയുടെ അടുത്ത് കാര്യങ്ങൾ പറയുമ്പോഴും 2 രൂപ വക്കാലത്ത് സ്റ്റാമ്പ് ഒട്ടിച്ച് എന്റെ ജൂനിയേഴ്സ് കോടതിയിൽ ഫയൽ ചെയ്യുന്നുണ്ട്. മാണിക്ക് ഇത് വല്ല വിവരവും ഉണ്ടോ ? ഞാൻ പറഞ്ഞതാണ് നിങ്ങൾ ഞങ്ങളുടെ അടുത്തുനിന്ന് പണം പിരിച്ച് അത് കാണം മാണിയായിട്ട് മാറി, ഈ പൈസ മുഴുവൻ നിങ്ങൾ സർക്കാർ ഖജനാവിൽ സ്റ്റാമ്പ് ഡ്യൂട്ടിയുടെ പേരിൽ ഇട്ടിരിക്കുകയാണ്. ഇത് വളരെ വിഷമമുള്ള ഒരു കാര്യമാണ്. അഭിഭാഷകരെ സംബന്ധിച്ച് ഇങ്ങനെയൊരു പരാതിപ്പുണ്ടായിട്ടുണ്ടോ ? മാണി എന്നു പറഞ്ഞാൽ തന്നെ പരാതിപ്പാണ്. പിന്നെ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൂടെ വക്കീലൻമാരെക്കൂടി പുറിച്ചുകളഞ്ഞാൽ ഇനി ഈ രാജ്യത്ത് പറയിക്കാൻ ബാക്കിയാരെങ്കിലുമുണ്ടോ ? ഞാൻ പറഞ്ഞുവന്നത് ഈ സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഒരു നിശ്ചിത ശതമാനം അഭിഭാഷക ക്ഷേമനിധിയിലേക്ക് മുതൽ കൂട്ടണം എന്നാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : കെ. എം. മാണി അറിയപ്പെടുന്ന ഒരു വക്കീലായിരിക്കേ അദ്ദേഹം സ്വന്തം വർഗ്ഗത്തെ വഞ്ചിച്ചുവെന്നാണോ അങ്ങ് പറയുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : മാണി സ്വന്തം പാർട്ടിയെ വഞ്ചിച്ചില്ലേ, പിന്നെയാണോ വർഗ്ഗത്തെ വഞ്ചിക്കുന്നത് ? മാണിയുടെ അടുത്തിരിക്കുന്ന ആർക്കെങ്കിലും മാണിയെ വിശ്വാസമുണ്ടോ ? ടി. എം. ജേക്കബ്ബിനു വിശ്വാസമുണ്ടോ മാണിയെ ? മാണി വക്കീലാണെന്നുള്ളതു നല്ലതാണ്. ഇനി ഇതു കഴിഞ്ഞ് വല്ലപ്പോഴെങ്കിലും കോടതിയിൽ പോകണം, പോകുമ്പോൾ ഇതറിയാം. ഞാൻ പറഞ്ഞുവന്നത് ഇന്ന് ഈ ഗവൺമെൻറ് പിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഒരു നിശ്ചിത ശതമാനം കൃത്യമായി അഡ്വക്കേറ്റ് വെൽഫെയർ ഫണ്ടിൽ ഡൈവർട്ട് ചെയ്യണം എന്നാണ്. എന്നാൽ ഇന്നുവരെ ഒരു പൈസയും ഡൈവർട്ട് ചെയ്തിട്ടില്ലെന്നുള്ളതാണ് സത്യം. സർക്കാരിന്റെ കാര്യങ്ങൾക്ക് 2 രൂപയുടെ സ്റ്റാമ്പ് ഒട്ടിക്കേണ്ടേ എന്ന് നിങ്ങൾ അമെൻറ്മെൻറ് കൊണ്ടുവന്നല്ലോ. നിങ്ങൾ അമൻറ്മെൻറ് കൊണ്ടുവരുന്നത് അഭിഭാഷകരെ സഹായിക്കാൻ ആണെങ്കിൽ വരുത്തേണ്ട അമൻറ്മെൻറ് എന്താണെന്ന് ഞാൻ പറയാം. 30,000 രൂപയാണ് ഒരു അഭിഭാഷകനു 30 കൊല്ലം പ്രാക്റ്റീസ് ചെയ്തു പിരിഞ്ഞുപോകുമ്പോൾ കിട്ടുന്നത്. കേരളത്തിൽ ഗവൺമെൻറ് സർവ്വീസിൽ ഒരു പ്യൂണിനു പി. എഫ്. ഇനത്തിൽ ഇതിൽ നിന്നും എത്രയോ കൂടുതൽ തുക വാങ്ങാം. അപ്പോൾ അഭിഭാഷകരെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അപമാനകരമാണ് ഈ 30,000 രൂപ. പ്രധാനപ്പെട്ട രണ്ടു മൂന്നു കേസിൽ കിട്ടുന്ന പൈസ മാത്രമേ ആവു ഈ തുക. പക്ഷെ ഈ അഭിഭാഷകർക്ക് എന്തെങ്കിലും ഗുണം ചെയ്യണമെന്നാണ് മാണി ഉദ്ദേശിക്കുന്നതെങ്കിൽ ഇവിടത്തെ കേരള ബാർ കൗൺസിൽ പറഞ്ഞതുപോലെ നിങ്ങൾ കൈയിൽ നിന്ന് കൊടുക്കുന്ന പൈസയല്ല ഇത്. അവർ ആവശ്യപ്പെട്ടതുപോലെ 30 കൊല്ലം അഭിഭാഷക ജോലി പൂർത്തിയാക്കുന്ന ഒരാളിന് ഒരു ലക്ഷം രൂപയെങ്കിലും കൊടുക്കാൻ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. അതിനാണ് ഭേദഗതി വേണ്ടത്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, അങ്ങ് പറഞ്ഞത് ഒരു അഭിഭാഷകനു 30 കൊല്ലം പ്രാക്റ്റീസ് ചെയ്തു പിരിഞ്ഞുപോയാൽ 30,000 രൂപയേ കിട്ടുകയുള്ളു എന്നാണ്. അത് രണ്ടോ, മൂന്നോ കേസിൽ കിട്ടുന്ന തുകയെന്നും അങ്ങ് പറഞ്ഞു. അങ്ങനെയാണെങ്കിൽ അത്തരം അഭിഭാഷകർക്ക് ഈ ക്ഷേമനിധി വേണോ ? അങ്ങനെയുള്ള ആളുകളെ ഒഴിവാക്കിയിട്ട് കേസ്സില്ലാത്ത പാവപ്പെട്ടവർക്കുവേണ്ടി കൊണ്ടുവന്നാൽ പോരേ ഈ ക്ഷേമനിധി.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഒരു പ്രസക്തമായ ചോദ്യമാണിത്. താമരാക്ഷൻ വളരെ പ്രസക്തമായിട്ടുള്ള ചോദ്യമേ ചോദിക്കുകയുള്ളു എന്നതിൽ എനിക്ക് സന്തോഷമുണ്ട്. അഭിഭാഷക ജോലിയിലുള്ള പ്രത്യേകത എന്തെന്നുവച്ചാൽ, കിട്ടുന്നവനു കിട്ടും. ഇല്ലാത്തവനില്ല. കേസ് കിട്ടുന്നവനു ധാരാളം കിട്ടും, പാവപ്പെട്ട വക്കീലൻമാർക്കും ബഹുഭൂരിപക്ഷം വക്കീലൻമാർക്കും കേസില്ല.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞല്ലോ കിട്ടുന്നവനു കിട്ടും, ഇല്ലാത്തവനില്ല എന്ന്, അവിടത്തെ ഇല്ലായ്മ കൊണ്ടാണോ ഇങ്ങോട്ടു പോന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : അവിടെ തികഞ്ഞതുകൊണ്ടാണ് ഇങ്ങോട്ടു വന്നത്. അവിടത്തെ ഇല്ലായ്മ കൊണ്ടുവന്നതല്ല. അവിടെ ഇല്ലാത്തവനെ ഒന്നു സഹായിക്കാൻ വേണ്ടി ഞാൻ ഇങ്ങോട്ടു വന്നതാണ്. അതിനുള്ള നിർദ്ദേശങ്ങളാണ് ഇപ്പോഴം പറയാൻ പോകുന്നത്. ഹസ്സൻ കൂടി കേട്ടു പഠിച്ചോ. വേണമെങ്കിൽ നോട്ട് ചെയ്തോ. ഈ ക്ഷേമനിധിയിൽ നിന്ന് ജൂനിയർ വക്കീലിന് പ്രതിമാസം 300 രൂപ സ്റ്റൈപ്പൻറ് കൊടുക്കാൻ വ്യവസ്ഥ ഉണ്ടാക്കണം. അഭിഷേക ജോലിയിൽ ഒരാൾ വന്നാൽ 5, 10 വർഷം കഴിഞ്ഞിട്ടാണ് സാമാന്യം നല്ല രീതിയിൽ കേസ് നടത്തി മുന്നോട്ടു പോകാൻ അവർക്ക് കഴിയുന്നത്. അതിനിടയിൽ ഒരാൾ കേസ്സില്ലാ വക്കീലായി കുറച്ചു നാളെങ്കിലും നടക്കേണ്ടി വരും. അങ്ങനെ വരുന്ന ജൂനിയർ ജീയിട്ടുള്ള അഭിഷേകർക്ക് പ്രതിമാസം സ്റ്റൈപ്പൻറ് കൊടുക്കാൻ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. അതുപോലെ തന്നെ അഭിഷേക ജോലിക്കുവരുന്ന, തുടക്കത്തിലുള്ള ആളുകൾക്ക് ബുക്ക് വാങ്ങാനും മറ്റു കാര്യങ്ങൾക്കും ലോണായിട്ടോ, ഗ്രാൻറായിട്ടോ കൊടുക്കാൻ വ്യവസ്ഥ ഉണ്ടാക്കണം. പട്ടികജാതി പട്ടികവർഗ്ഗത്തിൽ നിന്നുവരുന്ന അഭിഷേകർക്ക് ഗ്രാൻറായിട്ട് തന്നെ ഇനിഷ്യൽ എക്സ്പെൻഡിച്ചർ കൊടുക്കുന്നുണ്ട്. അതുപോലെ മറ്റുള്ള വക്കീലൻമാർക്കും പുസ്തകം വാങ്ങാനും മറ്റും ഈ ഫണ്ടിൽ നിന്നു പണം കടം കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്യണം. അഭിഷേകരുടെ ക്ഷേമത്തിന് വേണ്ടിയാണ് ഫണ്ട് ഏർപ്പെടുത്തിയതെങ്കിൽ ഇങ്ങനെ 30 കൊല്ലം കഴിഞ്ഞ് പിരിഞ്ഞു പോകുമ്പോഴം 30,000 രൂപ വാങ്ങണമെന്നുള്ള വ്യവസ്ഥ മാറണം.

ശ്രീ. എ. കെ. ശശീന്ദ്രൻ : അങ്ങ് പ്രഗൽഭനായ ഒരു വക്കീലാണല്ലോ. ജൂനിയർ വക്കീലൻമാർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങളെ കുറിച്ചാണല്ലോ അങ്ങ് ഇപ്പോഴം പറയുന്നത്. അതേ സമയത്ത് സീനിയർ വക്കീലൻമാർ അമിതമായി കാശ് വാങ്ങുന്ന ഒരു സമ്പ്രദായത്തിന് സ്ലാബ് വയ്ക്കാമെന്ന ഒരു ഭേഗതി അങ്ങയെപോലുള്ളവർക്ക് നിർദ്ദേശിക്കാൻ പറ്റുമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സീനിയർ വക്കീലൻമാർക്ക് കിട്ടുന്ന കാശ് കുറയ്ക്കണമെന്നുള്ളതിന് ഭേഗതി കൊണ്ടുവരാം. പക്ഷെ നിയമപരമായി ഇത് ചെയ്യാൻ നിവൃത്തിയില്ല. ഇതൊക്കെ വളരെ സൻമനസ്സായിട്ട് ആളുകൾ കൊടുക്കുന്നതാണ്. സീനിയർ വക്കീലൻമാർക്ക്, ജൂനിയർ വക്കീലൻമാരോട് ഉദാരമായ ഒരു സമീപനം വേണം.

ശ്രീ. എ. വി. താമരാക്ഷൻ : സീനിയർ വക്കീലൻമാർക്ക് കിട്ടുന്ന വിഹിതം ജൂനിയർ വക്കീലൻമാർക്ക് കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : സീനിയർ വക്കീലൻമാർക്ക് കിട്ടുന്ന വിഹിതം ജൂനിയർ വക്കീലൻമാർക്ക് കൊടുക്കുന്നതിനുവേണ്ടിയാണ് ഞാൻ വാദിക്കുന്നത്.

ശ്രീ. എ. സി. ജോസ് : വക്കീലൻമാരെക്കുറിച്ച് നല്ലതുപോലെ സംസാരിച്ചുകൊള്ളുക. കാരണം എനിക്ക് പറയാൻ ബുദ്ധിമുട്ടുണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ എല്ലാ കാര്യങ്ങളും ശരിയാണ്. വക്കീലൻമാരോടുള്ള അസൂയകൊണ്ടാണ് അപ്പുറത്തിരിക്കുന്ന പലരും ക്ഷോഭിക്കുന്നത്. അതുകൊണ്ട് വർക്കല രാധാകൃഷ്ണൻ തുടർന്ന് പ്രസംഗിക്കണം.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട മെമ്പർ പ്രഗൽഭനായൊരു നിയമ പണ്ഡിതനാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് അങ്ങയുടെപാർട്ടി മൂഴുവനായും അങ്ങയെ കോടതിയിലേക്കുതന്നെ അയയ്ക്കാൻ ആലോചിച്ചുവരുന്നുവെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : അത് എന്റെ പാർട്ടി തീരുമാനിച്ചു കൊള്ളും. ഏതായാലും [ശ്രീ. ഹസ്സൻ അതുകൊണ്ട് വിഷമിക്കേണ്ട കാര്യമില്ല. ഞാൻ എവിടെ പോയാലും അവിടെയും ജീവിക്കും ഇവിടെയും ജീവിക്കും. അത് വേറെ പ്രശ്നം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഹസ്സനെപ്പോലുള്ള ആളുകൾക്ക് ഇതു കഴിഞ്ഞാലും കോടതിയിൽപ്പോയാൽ ഒന്നും കിട്ടുകയില്ലെന്നുള്ളത് പരിഗണിച്ച് ഇപ്പോൾ കൂടുതൽ വരുമാനമുള്ള വക്കീലൻമാർക്ക് ഒരു പ്രത്യേക സെസ് ചുമത്തി ഇതിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിൽ മെമ്പറുടെ അഭിപ്രായമെന്താണ് ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇപ്പോൾ കൂടുതൽ വരുമാനമുള്ള വക്കീലൻമാർക്ക് ഈ ഫണ്ടിൽനിന്ന് പൈസ കുറച്ചേ കിട്ടുകയുള്ളു.

ശ്രീ. ടി. എസ്. ജോൺ : ഈ നിയമത്തെക്കുറിച്ച് സംസാരിക്കാനുള്ള ആളുകൾ ഇപ്പുറത്തിരിപ്പുണ്ട്. അവർക്ക് പ്രസംഗിക്കാനുള്ള അവസരമുണ്ടാക്കണം.

മി. സ്പീക്കർ : ഇതിനകത്ത് സംസാരിക്കാൻ അധികമാളുകളില്ലെന്ന ധാരണയിലാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ പ്രസംഗിക്കട്ടേയെന്ന് കരുതിയത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : [ശ്രീ. ടി. എസ്. ജോൺ അഭിഭാഷക വൃത്തിയെക്കുറിച്ച് സംസാരിക്കുമെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. അദ്ദേഹം മലയാള ഭാഷയിൽ ഒരതോറിറ്റിയാണ്. പക്ഷെ വക്കീൽ [പവൃത്തിയിൽ ശ്രീ. ടി. എസ്. ജോൺ പ്രാവീണ്യം നേടിയെന്നുള്ള വിവരം എനിക്ക് കിട്ടിയ ഒരു പുതിയ അനുഭവമാണ്.

ശ്രീ. ടി. എസ്. ജോൺ : മലയാളഭാഷയെക്കുറിച്ച് അറിയാൻ വയ്യാത്ത ഒരാളാണദ്ദേഹം. ഞങ്ങൾക്ക് മലയാളത്തെക്കുറിച്ചുമറിയാം, മലയാളത്തിലും ഇംഗ്ലീഷിലും വക്കീൽപ്പണി നടത്താനുമറിയാം. ഇതൊന്നുമറിയാൻ വയ്യാത്ത പാർട്ടിയാണ് ഇത് പറയുന്നത്. ഈ നിയമത്തിലുള്ള പല കാര്യങ്ങളെക്കുറിച്ചും ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. അതിനുള്ള സമയം തരണം.

മി. സ്പീക്കർ : ഇതുവരെ [ശ്രീ. വർക്കല രാധാകൃഷ്ണൻ നിരവധി ചോദ്യങ്ങൾക്ക് ഉദാരമായി വഴങ്ങി. ഇനി അദ്ദേഹം വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. സി. ജോസ് : വാദിച്ചു, വാദിച്ച് വക്കീലൻമാരെ അപകടത്തിലാക്കരുത്. നമുക്ക് വല്ല ഗുണവും കിട്ടുന്നതാണിത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഒന്നാമതായി, ഈ നിയമപ്രകാരം മുപ്പതുകൊല്ലം പൂർത്തിയാക്കുന്ന ഏതൊരു അഡ്വക്കേറ്റിനും ഇന്ന് കൊടുക്കുന്ന 30,000 രൂപ കുറവാണെന്നും അത് വർദ്ധിപ്പിക്കണമെന്നുമുള്ള കേരള ബാർ കൗൺസിലിന്റെ തീരുമാനത്തിന് നിയമ സാധുത നൽകണം. രണ്ടാമത്തെ കാര്യം, ഇന്ന് 1,000 രൂപ ഒരു വർഷത്തേക്ക് തീരുമാനിച്ചിട്ടുള്ളതാണ്. അത് കുറഞ്ഞത് രണ്ടായിരം രൂപയായി വർദ്ധിപ്പിക്കണം. സീനിയർ വക്കീലൻമാരെ സംബന്ധിച്ചിടത്തോളം ഇന്നൊരു യൂണിറ്റായി കണക്കാക്കിയിരിക്കുന്നത് നാല് വർഷമാണ്. അത് വളരെ കൂടുതലാണ്. നാല് വർഷമെന്നുള്ളത് രണ്ട് വർഷമായി കുറവു ചെയ്യണം. പിന്നെ ഗവൺമെന്റിൽ നിന്നുള്ള ഒരു സഹായമെന്ന് പറയുന്നത് ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനാണ്. ഈ പൈസയൊന്നും സർക്കാരിന്റെ ഖജനാപ്പിൽ നിന്നുള്ള ചെലവല്ല. ഈ ഫണ്ട് മുഴുവൻ ഓപ്പറേറ്റ് ചെയ്യുന്നത് കേരള

LIBRARY ARCHIVES Kerala Legislative Assembly

ബാർ കൗൺസിൽ ആണ്. ഓരോ സ്ഥലത്തുനിന്നും ട്രഷറിയിലേക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുമ്പോഴും അതിന്റെ നിശ്ചിത ശതമാനം കേരള ബാർ കൗൺസിൽ ഫണ്ടിലേക്ക് പോകാനുള്ളൊരേർപ്പാടുണ്ടാക്കണം. അങ്ങനെ വന്നില്ലെങ്കിൽ കേരളത്തിലെ അഭിഭാഷകർക്ക് ഇതുകൊണ്ട് പ്രയോജനമുണ്ടാകുകയില്ല. ഈ നിയമം നിലവിൽ വന്നതിനുശേഷം കേരള ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ ഇതുവരെ ബാർ കൗൺസിൽ ഫണ്ടിനു് എത്തിയിട്ടില്ല. ബാർ കൗൺസിൽ ഫണ്ടിനു് യഥാകാലം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൊടുക്കേണ്ട സംഖ്യ കൃത്യമായി കൊടുക്കുന്നതിനുള്ള ഒരു ഭേദഗതി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഈ നിയമത്തിൽ വരുത്തണം.

നാല് വർഷം കഴിയുമ്പോൾ ബഹുഭൂരിപക്ഷം അഭിഭാഷകരും റിട്ടയർ ചെയ്തുകഴിയും. എന്നാൽ ഇനിയുള്ള അഭിഭാഷകരെ സംബന്ധിച്ച് അവരെ സംരക്ഷിക്കാനാണ് ഈ ഭേദഗതി വരണമെന്നു് ഞാൻ പറഞ്ഞത്. ഈ കാര്യത്തിൽ ഗവൺമെന്റിനു് ഇത്ര വിഷമം തോന്നാൻ എന്താണു് കാര്യം? ഒരു സർക്കാർ വക്കീൽ രണ്ടു് രൂപ സ്റ്റാമ്പ് ഡ്യൂട്ടി കൊടുത്താൽ ആ തുകയാണു് ഈ ഫണ്ടിലേക്ക് വരുന്നത്. ആ ഫണ്ടു് കൂടെ ഗവൺമെന്റു് കുറയ്ക്കണമോ? ഈ ഭേദഗതി വന്നുകഴിഞ്ഞാൽ സർക്കാരിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ രണ്ടു് രൂപ ഒരു വക്കാലത്തിനു് ഏർപ്പെടുത്തുന്നതു കൂടി ഇല്ലാതാകുകയാണു്. ഗവൺമെന്റു് വക്കീലൻമാരുടെ ഫീസു് വർദ്ധിപ്പിച്ചാൽ പോരെ. ഗവൺമെന്റു് വക്കീലിനു കൊടുക്കുന്ന ഫീസു് വർദ്ധിപ്പിക്കുന്നതിനുപകരം ഇന്നു് ഈ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ഫണ്ടിലേക്ക് ചെല്ലുന്ന തുക കുറവു ചെയ്യാനുള്ള ഒരു പരിപാടിയായിട്ടാണു് ശ്രീമാൻ മാണി ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ നയം ഒരു കൈകൊണ്ടു് കൊടുക്കുകയും മറേ കൈകൊണ്ടു് എടുക്കുകയും ചെയ്യുന്ന ഒരു സമീപനമാകരുത്. അതാണു് ഞാൻ നേരത്തെ പറഞ്ഞത്. ശ്രീമാൻ മാണി നല്ല ഉദ്ദേശത്തോടുകൂടി ആരംഭിച്ച ഈ അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ടു് അതിന്റെ ഗുണഭോക്താക്കൾക്ക് ന്യായമായി ലഭിക്കേണ്ട രീതിയിൽ ലഭിക്കണമെങ്കിൽ ഇനിയും നല്ല ഭേദഗതികൾ കൊണ്ടുവന്ന് ഈ നിയമത്തെ കൂടുതൽ ഫലപ്രദമാക്കണം. അതുകൊണ്ടു് കഴിയുന്നതുംവേഗം കേരള ബാർ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ അംഗീകരിച്ചുകൊണ്ടു് ഒരു പുതിയ ഭേദഗതി ബിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട നിയമ വകുപ്പു മന്ത്രി തയ്യാറാകണമെന്നു് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ ഈ ഭേദഗതി ശക്തിയായി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഈ നിയമത്തിൽ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ ഒരു പോയിന്റിനോടു് ഞാൻ യോജിക്കുകയാണു്. അതായതു് ബാർ കൗൺസിൽ ആവശ്യപ്പെട്ട ചില കാര്യങ്ങളും ഉണ്ടു്, അതുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണു്. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ മറ്റു് പോയിന്റിനോടൊന്നും യോജിക്കാൻ നിവൃത്തിയില്ല. കാരണം വക്കീലൻമാരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായിട്ടുള്ള ഒന്നുണ്ടു്. 30,000 രൂപയെങ്കിലും പി. എഫ്. ഇനത്തിൽ കിട്ടട്ടെ. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ സംബന്ധിച്ചിടത്തോളം ഈ നിയമം കൊണ്ടുവന്നതു് വക്കീലൻമാർക്ക് ആശ്വാസകരമായ ഒരു കാര്യമാണു്. വക്കീൽപണി കഴിഞ്ഞുപോകുമ്പോൾ ഒരു ചെറിയ തുക ഇപ്പോൾ കിട്ടും. പിന്നീടു് കൂടുതൽ കിട്ടത്തക്കവിധത്തിൽ നിയമം ഉണ്ടാക്കണം. അതിനുവേണ്ടതു് ചെയ്യണം.

ശ്രീ. എ. വി. താമരാക്ഷൻ: അഖിലേന്ത്യാ ലോയേഴ്സ് ഫോറത്തിന്റെ വൈസ് പ്രസിഡന്റു് എന്നുള്ള നിലയിൽ വർക്കലയ്ക്ക് ലോയേഴ്സ് ഫോറം ചർച്ച ചെയ്തെടുത്ത നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു് അറിയാം എന്നുള്ള കാര്യം അറിയാമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ : എനിക്ക് അത് അറിഞ്ഞുകൂടാ. ലോയേഴ്സ് ഫോറം അത്ര മോശപ്പെട്ട ഫോറമാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ പറഞ്ഞതൊക്കെ ആ നിർദ്ദേശങ്ങളാണെങ്കിൽ ആ പറഞ്ഞത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. അവർ അത് റീ-കോൺസ്ററിറ്റ്യൂട്ട് ചെയ്യണം. ഈ നിയമം അനുസരിച്ച് ഗവൺമെൻറ് വക്കീലൻമാർ കേസ് നടത്തുന്നതിന് ഫീസ് അടയ്ക്കേണ്ട. അത് ശരിയായ കാര്യമാണോ ? വക്കീലൻമാർ കക്ഷികളുടെ ചിലവിലാണ് രണ്ട് രൂപ പ്രോവിഡൻറ് ഫണ്ടിലേക്ക് ഇടുന്നത്. ഇപ്പോഴും വർക്കലയെപ്പോലെയുള്ള വക്കീലൻമാർ അങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിയമത്തിൽ ഇൻറൻറ് ചെയ്തിരിക്കുന്നത് അങ്ങനെയാണോ ? നിയമത്തിൽ ഇൻറൻറ് ചെയ്തിരിക്കുന്നത്.....

ശ്രീ. വർക്കല രാധാകൃഷ്ണൻ : ആ പ്രസ്താവന തെറ്റാണ്. അത് പിൻവലിക്കണം.

ശ്രീ. ടി. എസ്. ജോൺ : യഥാർത്ഥത്തിൽ വക്കീലൻമാരുടെ കയ്യിൽ നിന്ന് രണ്ട് രൂപ വെൽഫെയർ ഫണ്ടിലേക്ക് അഫിക്സ് ചെയ്യണമെന്നാണ് ഇൻറൻറ് ചെയ്തിരിക്കുന്നത്. ഇത് സർക്കാർ വക്കീൽ സർക്കാരിൻെറ കേസ് നടത്തിയാലും അടയ്ക്കണം; പ്രൈവറ്റ് കേസ് നടത്തിയാലും അടയ്ക്കണമെന്നാണ് ന്യായം. സർക്കാരിൻെറ കേസ് നടത്തുന്നതിന് രണ്ട് രൂപ അടയ്ക്കേണ്ട. യഥാർത്ഥത്തിൽ സർക്കാരിൻെറ കാശല്ല അടയ്ക്കുന്നത്, കേസ് വാദിക്കുന്ന വക്കീലിൻെറ കാശാണ് അടയ്ക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർക്കാരിനുവേണ്ടി ഹാജരാകുന്ന വക്കീലിനെ ഇതിൽനിന്ന് ഒഴിവാക്കിക്കൂടാ എന്നാണ് ഞാൻ വളരെ വ്യക്തമായി പറഞ്ഞത്. സർക്കാരിനുവേണ്ടി വാദിക്കുന്ന വക്കീലൻമാരും രാജ്യത്തെ മറ്റ് കക്ഷികൾക്കുവേണ്ടി വാദിക്കുന്ന വക്കീലൻമാരും തമ്മിൽ വിവേചനമില്ല. സർക്കാർ വക്കീലായാലും സാധാരണ പൗരൻെറ വക്കീലായാലും സ്റ്റാമ്പ് ഡ്യൂട്ടിക്ക് ഒരുപോലെ ബാധകമാണ്. രണ്ട് കൂട്ടരും ഈ പണം അടയ്ക്കണം. ശ്രീ. മാണി സംഘടനാവിരുദ്ധമായിട്ടാണ് സംസാരിക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ : അങ്ങനെ പറഞ്ഞുവെങ്കിൽ അത്രയും നല്ലത്. സർക്കാർ കേസുകൾക്ക് രണ്ട് രൂപ ഒഴിവാക്കണമെന്നാണ്. അത് ഒഴിവാക്കാൻ പാടില്ല. സർക്കാർ ഫീസ് കൊടുക്കുന്നുണ്ട്. ഗവൺമെൻറ് വക്കീലൻമാരെ സംബന്ധിച്ചിടത്തോളം ഫീസ് കൂട്ടേണ്ട കാര്യമില്ല. ഇപ്പോഴും സർക്കാർ വക്കീലൻമാർക്ക് പ്രതിമാസം രണ്ടായിരം രൂപ മുതൽ പത്ത്, ഇരുപത്തയ്യായിരം രൂപ വരെ വരുമാനമുണ്ട്. അത് കൂട്ടണമെന്നുണ്ടെങ്കിൽ കൂട്ടണം. ഏതായാലും ഒരു ഫയൽ വക്കാലത്താക്കിക്കഴിഞ്ഞാൽ സർക്കാർ വക്കീലിന് മിനിമം നൂറ് രൂപ കിട്ടുന്നുണ്ട്; അതിൽ രണ്ട് രൂപ പി. എഫിലേക്ക് അടയ്ക്കുന്നതിൽ എന്താണ് തെറ്റ്. അതുകൊണ്ട് സർക്കാരിൻെറ കേസായാലും അല്ലാത്തതായാലും വക്കീലൻമാർ അടയ്ക്കേണ്ട ഫീസ് ഉണ്ട്. ഇത് പാസ്സാക്കിയാൽ യഥാർത്ഥത്തിൽ രണ്ട് രൂപ അഫിക്സ് ചെയ്യുന്നത് വക്കീലൻമാരുടെ ചെലവിൽ നിന്നല്ല കക്ഷികളുടെ കയ്യിൽ നിന്നാണെന്നുള്ള ധാരണ ജനങ്ങളുടെയിടയിൽ ഉണ്ടാകും. ഇപ്പോഴും യഥാർത്ഥത്തിൽ കക്ഷികളോട് വാങ്ങിച്ചാണ് അഫിക്സ് ചെയ്യുന്നത് എന്നുള്ളത് സത്യമാണ്. വർക്കല പറഞ്ഞത് അങ്ങനെയാണെന്നുണ്ടെങ്കിൽ സന്തോഷമുണ്ട്. ഇതിൽ സർക്കാർ വക്കീലൻമാർ അപ്പീയർ ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കാൻ പാടില്ല. അവരെ ഉൾപ്പെടുത്തണമെന്നുള്ളതാണ് എൻെറ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജുഡീഷ്യറിയും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞു വക്കീലൻമാരുടെ വികാരങ്ങൾ മനസ്സിലാക്കാത്ത ഗവൺമെൻറാണ് ഇത് എന്ന്. അദ്ദേഹം ഒരു കാര്യം മനസ്സിലാക്കണം. നിയമസഭയിൽ ആദ്യമായി അഭിഭാഷകർക്കു വേണ്ടി ഒരു ക്ഷേമനിധി കൊണ്ടുവന്നത് ഈ കേരള നിയമസഭയാണ്. ആ നിയമം പൈലറ്റ് ചെയ്തത് ഞാനാണ്. എനിക്ക് അതിൽ അഭിമാനവുമുണ്ട്. ഈ രാജ്യത്തെ അഭിഭാഷകരുടെ പ്രയാസങ്ങളും വികാരങ്ങളും അഭിലാഷങ്ങളും മനസ്സിലാക്കിയിട്ടുണ്ട്. അവരുടെ ബുദ്ധിമുട്ടുകളും അറിയാം. പാവപ്പെട്ട നിരവധി വക്കീലൻമാരുണ്ട്. വക്കീലൻമാരെല്ലാം പണക്കാരല്ല. ഭൂരിപക്ഷം വരുന്ന വക്കീലൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു തുണയായിട്ടാണ് ഈ ക്ഷേമനിധി കൊണ്ടുവന്നത്. ഇൻഡ്യയൊട്ടാകെ പ്രകീർത്തിച്ചിട്ടുള്ള ഒരു കാര്യമാണ് ഇത്. ശ്രീ.ടി. എസ്. ജോൺ പറഞ്ഞപ്പോഴാണ് എനിക്ക് ഇതിൻെറ ബുദ്ധിമുട്ട് മനസ്സിലായത്. രണ്ടായിരം രൂപ ഒരു ഗവൺമെൻറ് പ്ലീഡർക്ക് കിട്ടും. ഒരു ദിവസം 90 രൂപ കിട്ടും. ഒരു ലെയ്സൻ ഓഫീസർ ഒരുദിവസം സർക്കാരിനു വേണ്ടി പത്ത്-നാൽപ്പത് മെമ്മോറാണ്ടം ഓഫ് അപ്പിയറൻസ് ഹാജരാക്കണം. അങ്ങനെ വന്നാൽ അയാൾക്ക് കിട്ടുന്ന ശമ്പളം മുഴുവൻ പോകും. സർക്കാർ വക്കീലിനുള്ള ഒരു പ്രത്യേകത അയാൾ ഒരുദിവസം വളരെയധികം മെമ്മോറാണ്ടം ഓഫ് അപ്പിയറൻസ് സർക്കാരിനുവേണ്ടി ഹാജരാക്കേണ്ടിവരുന്നു എന്നുള്ളതാണ്. അതുകൊണ്ട് മെമ്മോറാണ്ടം ഓഫ് അപ്പിയറൻസ് ഇതിൽ നിന്ന് ഒഴിവാക്കണമെന്ന് മാത്രമേയുള്ളൂ. ഇതുകൊണ്ട് ക്ഷേമനിധിക്ക് ഒരു കുഴപ്പവുമുണ്ടാകുകയില്ല, ക്ഷേമനിധിയെ ഇത് ബാധിക്കുകയുമില്ല. ഇതിൻെറ വരുമാനത്തിൽ ഒരു കുറവ് വരുകയാണ്. അതാണ് വ്യത്യാസം. ഇവിടെ പറഞ്ഞ വികാരങ്ങളോട് ഞാൻ യോജിക്കുന്നു. ഇത് കുറച്ചുകൂടി ഭംഗിയാക്കണം. മുപ്പതിനായിരം എന്നുള്ളത് ഒരുലക്ഷം രൂപയാക്കിയാലും എനിക്ക് സന്തോഷമേയുള്ളൂ. എല്ലാവരുംകൂടി യോജിക്കുന്നുവെങ്കിൽ ഏത് നിലയിൽ കൊണ്ടുവരാനും എനിക്ക് സന്തോഷമുണ്ട്. മുപ്പതിനായിരം എന്നു പറയുന്നതുതന്നെ വലിയ കാര്യമല്ലേ. പാവപ്പെട്ട തൊഴിലാളികൾക്ക് ഒരു ക്ഷേമനിധിക്കുപോലും മുപ്പതിനായിരം കൊടുക്കാത്ത സ്ഥിതിയിൽ പാവപ്പെട്ട അഭിഭാഷകർക്ക് മുപ്പതിനായിരം രൂപ ഉറപ്പു വരുത്തുന്നത് ഒരു വലിയ കാര്യമാണ്. സർക്കാരിൻെറ സാമ്പത്തിക സ്ഥിതി അനുസരിച്ച് കുറച്ചുകൂടി വരുമാനമുണ്ടാക്കാം. അത് മാത്രമല്ല വക്കീലൻമാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നുണ്ട്. ഈ നിധിയുമായി ബന്ധപ്പെട്ട് വക്കീലൻമാർക്ക് ഒരു ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന നടപടിയിലേക്ക് നീങ്ങിയിട്ടുണ്ട്. അതുപോലെ പല കാര്യങ്ങളുമുണ്ട്.

ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞു, ആദ്യമായി എൻറോൾ ചെയ്യുന്ന വക്കീലൻമാർക്ക് കേസ് കുറവായിരിക്കും എന്ന്. അവരുടെ കാര്യത്തിൽ വേറെ എന്തെങ്കിലും ചെയ്യാം. ബാങ്കുകാർ ദുർബല ജനവിഭാഗക്കാർക്ക് ഇൻസെൻറിവൈസേഷൻൽ ഫിനാൻസ് കൊടുക്കുന്നതുപോലെ ഒരു സ്കീം തയ്യാറാക്കിക്കൊണ്ട്, പ്രിഫറൻഷ്യൽ ഇൻറെറസ്റ്റ് റേറ്റിൽ അവർക്ക് കടം കൊടുക്കാനും ലൈബ്രറിയുണ്ടാക്കാനും സാധിക്കും. ആദ്യത്തെ പീരിയഡിൽ അവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടിയുള്ള ഒരു സ്കീം കൊണ്ടുവരാം. ഞാൻ നേരത്തെ അത് വർക്കലയോട് പറഞ്ഞിട്ടുള്ളതാണ്. പിന്നെ അദ്ദേഹത്തെ തിരികെ കണ്ടിട്ടില്ല. ഈ നിയമസഭയിൽ ഒന്നിച്ച് ആലോചിക്കാം എന്നു പറഞ്ഞു. അത് നല്ലതാണെന്ന് അദ്ദേഹം പറഞ്ഞു. പിന്നെ ഇങ്ങനെയുള്ള കാര്യത്തെ സംബന്ധിച്ച് സംസാരിക്കാനോ ചർച്ച ചെയ്യാനോ മുന്നോട്ടുവന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരുകാര്യം ചെയ്യാം എല്ലാവർക്കും കൂടി ഒരു ദിവസം ഇരിക്കാം.. എന്തെല്ലാം പ്രശ്നങ്ങളുണ്ടോ അതിന് പരിഹാരം കാണാൻ ഗവൺമെൻറിന് താൽപ്പര്യമുണ്ട്. ചെയ്യാവുന്ന കാര്യങ്ങളെല്ലാം മുഴുവൻ ചെയ്യാം. ഇതൊരു നല്ല കാര്യമാണ്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, അഭിഭാഷകർക്കുവേണ്ടി ഒരു ഇൻഷ്വറൻസ് നടപ്പിലാക്കുമെന്ന് പറഞ്ഞു, അത് നല്ല കാര്യമാണ് ഏതെങ്കിലും കേസിൽ പരാജയപ്പെട്ടു കഴിഞ്ഞാൽ കക്ഷികളിൽ നിന്നുള്ള ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണോ ഈ ഇൻഷ്വറൻസ് നടപ്പിലാക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇൻഷ്വറൻസ് പദ്ധതി അഭിഭാഷകരെ സംബന്ധിച്ചിടത്തോളം നല്ല ഒരു സ്കീമാണ്. അഭിഭാഷകർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണം. ശ്രീ. മാണിയുമായി ചർച്ച ചെയ്യാനും അങ്ങനെയൊരു സ്കീം തയ്യാറാക്കാനും ഞാൻ തയ്യാറാണ്. ശ്രീ. മാണിയുടെ നിർദ്ദേശം ഞാൻ സ്വാഗതം ചെയ്യുന്നു.

ശ്രീ. കെ. എം. മാണി : അഭിഭാഷകരെ ഒരു ഗ്രൂപ്പായി ഇൻഷ്വർ ചെയ്തുകൊണ്ട് ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിക്കൊണ്ട് ഈ ഫണ്ടിൽ നിന്ന് അതിന് ആവശ്യമായ രൂപ കൊടുത്തുകൊണ്ട് അഭിഭാഷകർക്ക് കൂടുതൽ ക്ഷേമം ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും എടുക്കുന്നുവെന്നാണ് പറഞ്ഞത്. കച്ചേരികളിൽ കേസ് വാദിക്കുന്ന അഭിഭാഷകർക്ക് നേരെ കല്ലേറുണ്ടാകാം. അതിനെ അതിജീവിച്ചുകൊണ്ട് അവരുടെ ധർമ്മം അവർ നിർവ്വഹിക്കുകയാണ്. അത് സാഹസികമായ ഒരു ജോലിയാണ്, വർക്കലക്ക് അറിയാം. അദ്ദേഹത്തിന്റെ നിയമപാണ്ഡിത്യത്തെ ഞാൻ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു, കൂടുതൽ ചർച്ചയില്ലാതെ ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1986-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങളും സംബന്ധിച്ച പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

## (3) 1986–ലെ പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ (ഭേദഗതി ബിൽ)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ, പൊതു മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച 5-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly